പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5020 23.3.2018-ൽ മറുപടിയ്ക്ക്

## കേരളത്തിലെ കോഴിക്കർഷകരുടെ പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കോവൂർ കുഞ്ഞുമോൻ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ കോഴിക്കർഷകരെയും ഫാമുകളെയും ഇല്ലാതാക്കാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമായി, കോഴിക്കുഞ്ഞിനും കോഴിത്തീറ്റയ്ക്കും വിലവർദ്ധിപ്പിക്കുന്നതിനും കോഴി ഇറച്ചിയുടെ വില കുറയ്ക്കുന്നതിനും അന്യ സംസ്ഥാന ലോബികൾ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | കോഴിക്കൃഷിയ്ക്കായി പ്രവാസി ലോണുകൾ എടുത്തതിനെ തുടർന്ന് ജപ്തി നടപടികൾ നേരിടുന്ന കർഷകർക്കായി ഏതെങ്കിലും ആശ്വാസ പദ്ധതികൾ ആരംഭിക്കുന്നുണ്ടോ; | ബി) | നിലവിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല |
| സി) | ആവശ്യമായ കോഴിയും കോഴിത്തീറ്റയും സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; | സി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ഒരു സെൻട്രൽ ഹാച്ചറിയും 6 മേഖലാ കോഴിവളർത്തൽ കേന്ദ്രങ്ങളും 2 ജില്ലാ കോഴി വളർത്തൽ കേന്ദ്രങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങൾ വഴി ഗുണമേന്മയുള്ള കോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികൾ വഴി സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്തു വരുന്നു. കൂടാതെ താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരണത്ത് ഒരു താറാവ് വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തിൽ നിന്ന് ഗുണമേന്മയുള്ള താറാവിൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളിലൂടെയും നേരിട്ടും കർഷകർക്ക് വിതരണം ചെയ്യുന്നു. കോഴി കുഞ്ഞുങ്ങളുടെ ഉല്പാദനം കൂട്ടുന്നതിന് മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലയിലെ ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂർ |

| | | | |
|---|---|---|---|
| | | | തോട്ടത്തെ ഹാച്ചറി 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കി. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ ആതവനാട് കോഴി വളർത്തൽ കേന്ദ്രത്തിൽ ഹാച്ചറി പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോഴിത്തീറ്റയുടെ ഉല്പാദന സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലാണ് നിലവിലുള്ളത്. |
| ഡി) | സംസ്ഥാനത്ത് കോഴിയുടെ വില ഏകീകരണം സാധ്യമാക്കുമോ; | ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ മുട്ടകോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകൃത നിരക്കിലാണ് സർക്കാർ അംഗീകൃത നഴ്സറികൾക്ക് വിതരണം ചെയ്യുന്നത്. ഈ നഴ്സറികളിൽ വളർത്തുന്ന കോഴി കുഞ്ഞുങ്ങളെ പ്രായമനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് അംഗീകരിച്ച നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം പ്രധാനമായും സ്വകാര്യ മേഖലയിൽ നടത്തുന്നതിനാൽ മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് വിലയിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നുണ്ട്. അതുകൊണ്ട് ബ്രോയിലർ കുഞ്ഞുങ്ങളുടെ വില ഏകീകരിക്കുവാൻ കഴിയുകയില്ല. |
| ഇ) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അന്യസംസ്ഥാനക്കാർ കേരളത്തിൽ കൈയടക്കിയിട്ടുള്ള ഫാമുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | ഇ) | അന്യ സംസ്ഥാനക്കാർ കേരളത്തിൽ ഫാമുകൾ കൈയ്യടക്കിയിട്ടുള്ളതായ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ